**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ, തിരുവനന്തപുരം-695001

ഹാജർ : ഇൻപശേഖർ.കെ, ഐ.എ.എസ്

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കല് കോളേജുകളിൽ 2019-20 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ രണ്ടാം വർഷത്തെ ട്യൂഷൻ ഫീസിന്റെ (2020-21) 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ 3/248/2022/പ്ര.പ.ക** **തീയതി:02/03/2022**

---

പരാമർശം 1.സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06.06.2018.
2.സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19.07.2018.
3.സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19.08.2018
4.സർക്കാർ ഉത്തരവ് (എം എസ് ) നം. 100/2018/ആകുവ തീയതി 05.06.2018
5.ഈ കാര്യാലയത്തിലെ 25.11.2021, 14.12.2021 തീയതികളിലെ ഉത്തരവ് നമ്പർ എ 3/4784/2019/പ്രപക
6.23/07/2020-ലെ WP(C)No.7771/2018 & connected case -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
7.27/01/2021-ലെ WP(C)No.25475 &26683/2020 -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
8.കേരള ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാർ-ന്റെ 06.01.2022-ലെ കത്ത് നമ്പർ 2021/18050/1/ബി2/എക്സ്.മെഡ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (6) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (7) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2019-20 അധ്യയന വർഷത്തിൽ സംസ്ഥാത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അർഹത പരിശോധിച്ച് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും, ടി ഉത്തരവിന്റ അടിസ്ഥാനത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഒന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

മേൽ സാഹചര്യത്തിൽ 2019-20 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഒന്നാം

വർഷത്തെ (2019-20) യൂണിവേഴ്സിറ്റി പരീക്ഷ വിജയിച്ചിട്ടുണ്ടെങ്കിൽ അവരുടെ രണ്ടാം വർഷത്തെ (2020-21) ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾ ഒന്നാം വർഷത്തെ യൂണിവേഴ്സിറ്റി പരീക്ഷ വിജയിച്ചിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യുണമെന്ന് ആവശ്യപ്പെട്ട് കേരള ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നു. അതിൻ പ്രകാരമുള്ള റിപ്പോർട്ട് പരാമർശം (8) പ്രകാരം ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളിൽ കേരള ആരോഗ്യ സർവ്വകലാശാല രജിസ്ട്രാറുടെ പരാമർശം (8) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും ഒന്നാം വർഷത്തെ യൂണിവേഴ്സിറ്റി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുള്ള ചുവടെപ്പറയുന്ന വിദ്യാർത്ഥികൾക്ക് അവരുടെ രണ്ടാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

| Sl. No. | Sl.No.in the Register | Roll No. | Name of the Student | Name of College | Tuition Fee (Approved by AFRC) (Rs.) | BPL Scholarship (90% of Tuition Fee) for II year |
|---|---|---|---|---|---|---|
| 1 | 46 | 305794 | AJU UPENDRAN | SUT Academy of Medical Sciences Tvm | 585200 | 526680 |
| 2 | 47 | 186577 | AKSHARA A K | Malabar Medical College & Research Institute Kozhikode | 616000 | 554400 |
| 3 | 48 | 186458 | ANEETA N C | KMCT Medical Collge Kozhikode | 609400 | 548460 |
| 4 | 49 | 301936 | MUHAMMED RACIL | Dr.SMCSI Medical College Tvm | 616000 | 554400 |
| 5 | 50 | 138100 | MUHSIN M | Sree Gokulam Medical College & Research Foundation Tvm | 616000 | 554400 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 51 | 123158 | ALFI FATHIMA | Azeezia Medical College Kollam | 616000 | 554400 |
| 7 | 52 | 158041 | AMRITHA MADHU | Mount Zion Medical College Adoor | 611325 | 550193 |
| 8 | 53 | 156192 | LIBY P BABY | Mount Zion Medical College Adoor | 611325 | 550193 |
| | | | | | Total | Rs.4393126/- |

(Rupees Forty three Lakhs Ninety three thousand one hundred and twenty six only)

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.02 07:19:31 IST
Reason: Approved

പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം